LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ച വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുന്ന ഇത്തരം വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് വാഹനങ്ങളുടെ കണക്കെടുപ്പ് നടത്തുകയും ഓരോ വാഹനത്തിന്റെയും വില നിശ്ചയിക്കുന്നതിന് ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം കൊടുക്കുകയും ആയതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. കേസിൽപ്പെട്ടതും വിചാരണയിലിരിക്കുന്നതുമായ കേസുകളിൽ ഉൾപ്പെട്ടതുമായ വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതും വിട്ടുകൊടുക്കുന്നതും കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലാണ്. വാഹനകേസുകളിന്മേൽ കോടതി നടപടികൾ ദ്രുതഗതിയിലാക്കി വിധി പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഇത്തരം വാഹനങ്ങളുടെ എണ്ണം ഗണ്യമായി കുറയുന്നതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റേഷനുകളിൽ പ്രത്യേകിച്ച് കൊല്ലം ജില്ലയിലെ കൊട്ടിയം പോലീസ് സ്റ്റേഷനിൽ ഇത്തരം വാഹനങ്ങൾ സൂക്ഷിക്കാൻ സൗകര്യം ഒട്ടുംതന്നെയില്ല. പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വാഹനങ്ങൾ നിറയുമ്പോൾ റോഡിന്റെ വശങ്ങളിൽ ട്രാഫിക് തടസ്സം വരാത്ത വിധത്തിൽ വാഹനങ്ങൾ സൂക്ഷിക്കാൻ സ്റ്റേഷൻ അധികൃതർ നിർബന്ധിതരാകാറുണ്ട്. എന്നിരുന്നാലും കൊല്ലം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി സൂക്ഷിച്ചിരിക്കുന്ന ഇത്തരം വാഹനങ്ങൾ എത്രയുംപെട്ടെന്ന് ഡിസ്പോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എ. അസീസ്, ഉപചോദ്യം. വിശദമായ മറുപടിയാണ്.

ശ്രീ. എ. എ. അസീസ് : വിശദമായ മറുപടിയാണ്. അതുകൊണ്ട് വേറെ ഉപചോദ്യം ചോദിക്കുന്നില്ല.

**(2) ഫോട്ടോ പതിച്ച റേഷൻ കാർഡ് വിതരണം**

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, കേരളത്തിൽ ഫോട്ടോ പതിച്ച പുതിയ റേഷൻ കാർഡ് വിതരണം പൂർണ്ണമായിട്ടും അവതാളത്തിലാണ്. ഈ വിഷയം പല തവണ സഭയിൽ ഈ സെഷനിൽത്തന്നെ ചോദ്യങ്ങളായും ചർച്ചകളായും ഉന്നയിച്ചിട്ടുണ്ട്. പക്ഷെ ഒരു നടപടിയും അങ്ങയുടെ ഭാഗത്തു നിന്ന് ഉണ്ടാകാത്തതുകൊണ്ടാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഈ വിഷയം വീണ്ടും ഉന്നയിക്കുന്നത്. പത്തു ലക്ഷത്തോളം കുടുംബങ്ങൾക്ക് കാർഡ് കിട്ടാനുണ്ട്. അരിയും മണ്ണെണ്ണയും റേഷൻ കിട്ടുന്ന പാവങ്ങൾക്കു മാത്രമല്ല പ്രവാസികൾക്കുപോലും ഇന്ന് റേഷൻ കാർഡുണ്ട്. ഇന്ന് മൂന്നേകാൽ കോടി മലയാളികളുടെ അതിപ്രധാനമായ അടിസ്ഥാന ഐഡിയാണ് കാർഡ്. വെള്ളം, വൈദ്യുതി, ടെലിഫോൺ തുടങ്ങിയവയുടെ കണക്ഷൻ കിട്ടാൻ, ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങാൻ, വരുമാന സർട്ടിഫിക്കറ്റിന്, മാവേലി സ്റ്റോർ ഉൾപ്പെടെ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് സാധനം വാങ്ങിക്കാൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ, പാസ്പോർട്ടിനു വേണ്ടി ഇങ്ങനെ എല്ലാ കാര്യത്തിനും ഇന്ന് റേഷൻ കാർഡ് വേണം. പഴയ റേഷൻ കാർഡ്

നിരോധിച്ചു, ആറുമാസമായി. എന്നാൽ പുതിയത് കിട്ടിയതുമില്ല. കിട്ടിയതാണെങ്കിൽ പലതും തെറ്റാണ്. അതിലൊരുപാട് പിശകുകളുണ്ട്. അത് തിരുത്താൻ കൊടുത്തിരിക്കുകയാണ്. സുപ്രധാനമായ ഈ ഐഡി കാർഡ് ആധുനികവൽക്കരിച്ചതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. കാരണം ഫോട്ടോ പതിച്ച് സ്കാൻ ചെയ്ത് ഇതിനെ പരിഷ്ക്കരിച്ചതിന് അഭിനന്ദിക്കുന്നു. പക്ഷെ സി-ഡിറ്റിനെ ഏല്പിച്ച് സംഗതി ആകെ കുളമാക്കിയിരിക്കുകയാണ്. ഒച്ചിന്റെ വേഗതയിലാണ് ഇതിന്റെ വിതരണം നടക്കുന്നത്. ഒരു താലൂക്ക് ഓഫീസിൽ നിന്ന് ഒരു ദിവസം 40 കാർഡാണ് കൊടുക്കുന്നത്. കേരളത്തിൽ പത്തുലക്ഷം കാർഡുകളുണ്ട്. 63 താലൂക്ക് ഓഫീസുകളിൽ നിന്നും ഈ പത്തുലക്ഷം ആളുകൾക്ക് വിതരണം ചെയ്യാൻ എത്ര മാസങ്ങളെടുക്കുമെന്ന് അങ്ങേയ്ക്ക് കണക്കുകൂട്ടി നോക്കാവുന്നതാണ്. കണ്ണൂരിലെ എന്റെ സപ്ലൈ ഓഫീസിൽ കഴിഞ്ഞ ആഴ്ച ഞാൻ പോയിരുന്നു. അവിടെ ആളുകളുടെ നീണ്ട ക്യൂവാണ്. ഓഫീസറോട് സംസാരിച്ചപ്പോൾ അവർ നിസ്സഹായരാണ്. അവിടെ 32716 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അഥവാ ഒരു ദിവസം ഒരു ഉദ്യോഗസ്ഥൻ മുഖേന കമ്പ്യൂട്ടറും സ്കാനിംഗ് മെഷീനുംവഴി കൊടുക്കുന്നത് 40 എണ്ണമാണ്. കണ്ണൂരിൽ അവസാനത്തെ ആൾക്കു കിട്ടണമെങ്കിൽ 27 മാസം പിടിക്കും. സംഗതി വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്, കേരളത്തിൽ ഇത് ഒരു വലിയ പ്രശ്നമാണ്. ഇത് ഇവിടെ പലതവണ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ശക്തമായി ഇടപെട്ടിട്ടില്ല. അങ്ങ് നാൽക്കാലികളോട് കാണിക്കുന്ന ഈ സ്നേഹം ഇരുകാലി മനുഷ്യരോടുകൂടി കാണിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്. സപ്ലൈ ഓഫീസിൽ ഒരു പുതിയ മാഫിയ പ്രവർത്തിക്കുകയാണ്. നമ്മുടെ ആർ.ടി. ഓഫീസുകളിലുള്ളതുപോലെ ഇപ്പോഴവിടെ റേഷൻ കാർഡ് മാഫിയ പ്രവർത്തിക്കുന്നു. അവർക്ക് കാശ് കൂടുതൽ കൊടുത്താൽ പെട്ടെന്ന് കിട്ടുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ചില പത്രങ്ങളിൽ ഇതു സംബന്ധിച്ച് എഡിറ്റോറിയൽ തന്നെയുണ്ട്. കഴിഞ്ഞ ദിവസം കേരള കൗമുദി എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്. 'റേഷൻ കാർഡിനുള്ള കാത്തിരിപ്പ്,' സർക്കാർ നടപടികളുടെ നൂലാമാലകൾമൂലം പലർക്കും കാർഡ് യഥാസമയം ലഭിക്കുന്നില്ല. ആ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. റേഷൻ കാർഡ് സപ്ലൈ ഓഫീസിൽ തിരുത്താൻ കൊടുത്തിരിക്കുന്നു, ഇക്കുറി ലക്ഷക്കണക്കിനാളുകൾക്ക് ഓണക്കിറ്റ് കിട്ടില്ലെന്നാണ് മലയാള മനോരമ എഴുതിയിരിക്കുന്നത് അങ്ങ് എല്ലാവർക്കും ഓണക്കിറ്റ് കൊടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. അപ്പോൾ ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ദീപിക പത്രത്തിൽ വന്നത് "ഇടനിലക്കാരായി റേഷൻ കാർഡ് മാഫിയ രംഗത്ത്" എന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുകയാണെങ്കിൽ ഇത് വളരെ നന്നായി നടക്കും. ഇത് സി-ഡിറ്റിനെ ഏല്പിച്ചിരിക്കുകയാണ്. ഇതൊരു പുതിയ പരിഷ്ക്കാരമാണ്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ ഒരു ദിവസം നാല്പത് പേർക്ക് കാർഡ് വിതരണം നടത്തുമെന്നുള്ളത് മാറ്റി അടിയന്തരമായി, റേഷൻ കാർഡുകൾ വിതരണം ചെയ്യാനാവശ്യമായ നടപടി അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത് വളരെ ഗൗരവമുള്ളൊരു വിഷയമാണ്. സ്വാഭാവികമായ ഭരണപരമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. അത് വളരെ വേഗം പരിഹരിക്കാനുള്ള നടപടികൾ എടുക്കുന്നില്ല എന്നത് ശരിയല്ല. നടപടി എടുത്തുകഴിഞ്ഞിരിക്കുകയാണ്. പത്രങ്ങളിൽ വന്ന ചില എഡിറ്റോറിയലുകൾ ഇവിടെ വായിച്ചു. ആ എഡിറ്റോറിയലിന് മറുപടി എഴുതിയതുകൂടി വായിക്കണമായിരുന്നു. അത് ശ്രീ. അബ്ദുള്ളക്കുട്ടി വായിച്ചില്ല. എഡിറ്റോറിയൽ മാത്രമേ വായിച്ചുള്ളൂ. എന്തായാലും ഈ കാര്യത്തിൽ വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഒരു കാര്യത്തിൽ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ എല്ലാ വിഭാഗം ആളുകളും അഭിനന്ദിക്കുന്നുണ്ട്. പണ്ട് റേഷൻ കാർഡ് കൈപ്പുസ്തകമായിരുന്നു. കുത്തിക്കെട്ടിയൊരു കൈപ്പുസ്തകമായിരുന്നു. അത് മാറി 68 ലക്ഷം കാർഡ് ഫോട്ടോ പതിച്ച് വിതരണം പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. പുതിയ അപേക്ഷകളെന്നു പറയുന്നത് നിലവിലുള്ള കാർഡ് സ്പ്ലിറ്റ് ചെയ്യുകയാണ്. കുടുംബത്തിൽ നിന്ന് അവകാശങ്ങൾ വാങ്ങി മാറിപ്പോകുന്നവരുടെ തർക്കങ്ങളോടുകൂടി അതിന്റെ പരിശോധന കഴിഞ്ഞല്ലാതെ പുതിയ കാർഡ് വിതരണം ചെയ്യാൻ കഴിയുന്നതല്ല. അതാണ് ഒന്ന്, - സഭയുടെ പുറത്തുനിന്ന് സംസാരിക്കരുത് കേട്ടോ. പുതിയ വീടുവച്ച് താമസിക്കുന്നവർക്ക് വില്ലേജ് ആഫീസിൽനിന്നും നമ്പർ ലഭിക്കണം അതാണ് രണ്ടാമത്തെ കാറ്റഗറിയിൽ വരുന്നത്. വില്ലേജ് ഓഫീസിൽനിന്നും നമ്പർ ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഒരുപാട് രേഖകളുണ്ട്. അതുപോലെ റേഷൻ കാർഡുപയോഗിച്ച് പാസ്പോർട്ട് വാങ്ങി പോയിട്ടുള്ള നിരവധി കേസ്സുകളുണ്ട്. അതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഒരു അറിയിപ്പ് ഞങ്ങൾക്കുണ്ടായിരുന്നു. നിങ്ങൾ റേഷൻ കാർഡ് വിതരണം ചെയ്യുമ്പോൾ എല്ലാ രേഖകളും പരിശോധിച്ചേ വിതരണം ചെയ്യാവൂ എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് രേഖകൾ പരിശോധിക്കുമ്പോൾ കാലതാമസം വരുന്നത്. എന്തായാലും 30-1-2010-ന് നിലവിലുള്ള കാർഡുകൾ മുഴുവൻ പൂർത്തിയാക്കി കൊടുത്തിട്ടുണ്ട്. തുടർന്ന് നിലവിൽ റേഷൻ കാർഡിൽ പേരില്ലാത്തവരും മറ്റ് സ്ഥലങ്ങളിൽ നിന്നും താമസം മാറി സറണ്ടർ സർട്ടിഫിക്കറ്റ് ലഭിച്ചവരുമായ അപേക്ഷകരുടെ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി. 29-6-2010-ലെ കണക്കനുസരിച്ച് പുതിയ കാർഡുകൾക്കായി 685902 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പുതിയ അപേക്ഷകൾ പരിശോധിച്ച് കാർഡുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനായി സി-ഡിറ്റുമായി കരാറുണ്ടാക്കി എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും വച്ച് കാർഡ് തയ്യാറാക്കി വിതരണം ചെയ്തുവരുന്നുണ്ട്. എന്നാൽ അനിയന്ത്രിതമായ തോതിൽ പഴയ കാർഡ് സ്പ്ലിറ്റ് ചെയ്യുന്നതിനും പുതിയ കാർഡിനുമായുള്ള അപേക്ഷ ലഭിക്കാൻ തുടങ്ങിയതോടെ നിലവിലുള്ള അപേക്ഷകളിൽ മുഴുവൻ കാർഡ് വിതരണം പൂർത്തിയാക്കുന്നതുവരെ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ജൂലൈ മാസം



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവസാനത്തോടുകൂടി ഓൺലൈനായി അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിനുള്ള നടപടി. തുടങ്ങുന്നതോടൊപ്പം പുതിയ അപേക്ഷ സ്വീകരിക്കുന്ന നടപടി പുനരാരംഭിക്കാനും കഴിയും. നിലവിൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ കുടിശ്ശികയുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ ആവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ ഓഫീസുകളിലേയ്ക്കും അധികമായി വേണ്ടിടത്തെല്ലാം കൂടുതൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, കൂടുതൽ ജീവനക്കാർ, താൽക്കാലികമായി ജീവനക്കാർ ഇതെല്ലാം ഏർപ്പാടു ചെയ്തു കഴിഞ്ഞു.. കാർഡ് വിതരണം ത്വരിതപ്പെടുത്തുവാൻ സി-ഡിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമെന്നുകണ്ടാൽ താൽക്കാലികമായി കമ്പ്യൂട്ടർ വാടകയ്ക്കെടുത്ത് കുടിശ്ശികയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. 25-7-2010-ന് മുമ്പായി നിലവിലുള്ള അപേക്ഷയുടെ 25 ശതമാനം പൂർത്തിയാക്കും. അതിനുശേഷം മൊത്തം അപേക്ഷകളും 31-8-2010-ന് മുമ്പായി തീർപ്പാക്കുന്നതിനുള്ള ഊർജ്ജിതമായ കർമ്മപരിപാടി തയ്യാറാക്കുന്നുണ്ട്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെയും നിയമിക്കും.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, അങ്ങ് ഇവിടെ വിശദീകരിച്ച പ്പോൾ ഒരു വിഷയം, പുതുതായി അപേക്ഷ ഇപ്പോൾ സ്വീകരിക്കുന്നതു നിർത്തിവച്ചിരിക്കുകയാണ്. അത് പിന്നീട് തുടങ്ങും എന്നാണ് അങ്ങ് പറയുന്നത്. യഥാർത്ഥത്തിൽ പഴയ കാർഡ് നിരോധിച്ചിരിക്കുന്നു. പുതിയ കാർഡ് കിട്ടിയിട്ടില്ല. ഇതിനിടയിൽ നമുക്കറിയാം, ഇപ്പോൾ കുട്ടികളെയൊക്കെ ഹയർ എഡ്യൂക്കേഷന് ചേർക്കുന്ന സന്ദർഭമാണ്. അങ്ങനെ പല ആവശ്യങ്ങളുമുള്ളതാണ്. പുതിയ കാർഡിന് അപേക്ഷ ഉടനെതന്നെ സ്വീകരിക്കണം, അത് നീട്ടിവയ്ക്കേണ്ട കാര്യമില്ല. രണ്ടാമത്തേത് അങ്ങ് മറുപടി പറഞ്ഞപ്പോൾ സി-ഡിറ്റ് ഒരു ദിവസം 40 എണ്ണമാണ് കൊടുക്കുന്നത് എന്നു പറഞ്ഞു. അത് ഒരു ദിവസം അഞ്ഞൂറോ അറുന്നൂറോ കൊടുക്കുന്നതിനെ സംബന്ധിച്ച് ഒരു വ്യക്തത .... (തടസ്സം)..... നൽകണം. അപ്പോൾ ഇത്രയുമധികം അപേക്ഷ.... അതിന്റെയൊരു കണക്ക് പറയണം. ഒരു ദിവസം 40 എന്നുള്ളത് നമുക്കെത്ര കൂടുതൽ കൊടുക്കാൻ പറ്റും ?

ശ്രീ. സി. ദിവാകരൻ: തീർച്ചയായിട്ടും ആ രണ്ടു നിർദ്ദേശങ്ങളും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.